സി.എച്ച്.സി. കെട്ടിട നിർമ്മാണത്തിന് 37 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലവിഭവ വകുപ്പിന്റെ കീഴിൽ വടകര മണ്ഡലത്തിലെ പാക്കയിൽ കുടിവെള്ള പദ്ധതി സർക്കാരിന് സമർപ്പിച്ചിരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കേരള വാട്ടർ അതോറിറ്റി പ്രസ്തുത പദ്ധതി നടപ്പാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) വടകര മുൻസിപ്പാലിറ്റിയിലെ പാക്കയിൽ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സമർപ്പിച്ച 60 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കേരള വാട്ടർ അതോറിറ്റി നടപ്പാക്കാൻ 6-10-2009-ലെ 1781/C1/WRD നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

കുടിശ്ശിക നികുതി - ആംനെസ്റ്റി സ്കീമിന്റെ കാലാവധി

134 (5839) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റത്തവണ തീർപ്പാക്കലിലൂടെ കുടിശ്ശിക നികുതി അടയ്ക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ ആംനെസ്റ്റി സ്കീമിന്റെ കാലാവധി എന്ന് അവസാനിക്കും എന്നറിയിക്കുമോ ;

(ബി) ഈ സ്കീം നടപ്പിലാക്കിയശേഷം സർക്കാരിന് എത്ര കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിയുടെ കാലാവധി നീട്ടണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന ചെറുകിട ഇടത്തരം കച്ചവടക്കാർക്ക് സഹായകരമാകുന്നതും സർക്കാരിന് വരുമാന വർദ്ധനവുണ്ടാകുന്നതുമായ ഈ പദ്ധതിയുടെ കാലാവധി ഒരു വർഷം കൂടി നീട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ധനകാര്യ ബിൽ 2010 പ്രകാരം ഒറ്റത്തവണ തീർപ്പാക്കലിലൂടെ കുടിശ്ശിക നികുതി അടയ്ക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ ആംനെസ്റ്റി സ്കീമിന്റെ കാലാവധി 30-6-2010 വരെയായിരുന്നു. എന്നാൽ വ്യാപാരികളുടെയും വിവിധ വ്യാപാര സംഘടനകളുടെയും അഭ്യർത്ഥന മാനിച്ച് ഈ പദ്ധതിയുടെ കാലാവധി 31-12-2010 വരെ ദീർഘിപ്പിക്കാനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്കീം നടപ്പിലാക്കിയശേഷം 30-6-2010 വരെ 188.84 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) 31-12-2010 വരെ ദീർഘിപ്പിക്കുവാനുള്ള നിർദ്ദേശം പരിഗണിച്ച് ആവശ്യമായ നിയമ നിർമ്മാണത്തിന് തുടക്കം കുറിച്ചു കഴിഞ്ഞു.

(ഡി) 31-12-2010 വരെ ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ക്യാഷ് സെക്യൂരിറ്റി

135 (5840) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവേശന നികുതി ഇല്ലാതായ സാഹചര്യത്തിൽ സ്വന്തം ആവശ്യത്തിനെന്ന പേരിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും സാധനങ്ങൾ കൊണ്ടുവരുന്നതു വഴിയുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) എത്ര രൂപയിൽ കൂടുതലുള്ള സാധനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുമ്പോഴാണ് സംശയമുള്ള കേസ്സുകളിൽ ക്യാഷ് സെക്യൂരിറ്റി നൽകണമെന്ന വ്യവസ്ഥയുള്ളത് ;

(സി) ഈ വർഷം ഇതുവരെ ഇത്തരത്തിൽ ക്യാഷ് സെക്യൂരിറ്റിയായി ഈടാക്കിയ എന്തു തുക നികുതിയായി മാറ്റി സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി കേരള സംസ്ഥാനത്തിലെ പ്രവേശന നികുതി അസ്ഥിരപ്പെടുത്തിയ സാഹചര്യത്തിൽ, ഫോറം 16-ഉം ബന്ധപ്പെട്ട രേഖകളും ചെക്ക്പോസ്റ്റിൽ സമർപ്പിച്ചാൽ ഏതൊരാൾക്കും സ്വന്തം ആവശ്യത്തിന് അന്യ സംസ്ഥാനങ്ങളിൽനിന്നും സാധനങ്ങൾ നികുതിരഹിതമായി കൊണ്ടുവരാവുന്നതാണ്. ഇങ്ങനെ കൊണ്ടുവരുന്ന സാധനങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ച് നികുതി വെട്ടിപ്പ് നടത്തുന്നത് തടയാൻ, ഫോറം 16 ഉപയോഗിച്ച് നടത്തുന്ന എല്ലാ ഇടപാടുകളേയും വാണിജ്യ നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്. അത്തരം പരിശോധനയിൽ സ്വന്തം ആവശ്യത്തിന് കൊണ്ടുവരുന്ന സാധനങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി തെളിഞ്ഞാൽ സാധനം കൊണ്ടുവന്നവരിൽ നിന്നും നികുതിയുടെ മൂന്ന് ഇരട്ടിയിൽ കൂടാത്ത തുക പിഴയായി ഈടാക്കാൻ നിലവിൽ വാറ്റ് നിയമം സെക്ഷൻ 70 (ബി)-യിൽ വ്യവസ്ഥയുണ്ട്.

(ബി) രണ്ട് ലക്ഷം രൂപയിൽ കൂടുതൽ തുകയ്ക്കുള്ള സാധനങ്ങൾ സ്വന്തം ആവശ്യത്തിന് കൊണ്ടുവരുന്നവരിൽ നിന്ന് നികുതി തുക ക്യാഷ് സെക്യൂരിറ്റിയായി ഈടാക്കാൻ 2010-11-ലെ ബജറ്റ് പ്രസംഗത്തിലെ 201-ാം ഖണ്ഡികയിൽ

LIBRARY ARCHIVES Kerala Legislative Assembly